**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

07/02/2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1024

## സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.എൻ. പ്രതാപൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. എം.പി. വിൻസെന്റ്** | **ശ്രീ. എ.പി. അനിൽ കുമാർ**<br>**(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (എ) ഏറ്റവും ദരിദ്രരായവർക്ക് വരുമാനദായകമായ ഏതെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുന്നതിനു വേണ്ടി കുറഞ്ഞ തുക വേഗത്തിലും മറ്റ് നടപടിക്രമങ്ങൾ ഒഴിവാക്കിക്കൊണ്ടും ലഭ്യമാക്കുന്നതിനു വേണ്ടിയാണ് മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് വ്യക്തിഗത ഗുണഭോക്താവിന്റെ അപേക്ഷയോ ജാമ്യമോ അവശ്യമില്ല. പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളിലെ തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ (SHG) അംഗങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. സന്നദ്ധ സംഘടനകൾ/കുടുംബശ്രീ സി.ഡി.എസുകൾ മുഖേനയാണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘങ്ങളെ തെരഞ്ഞെടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഉണ്ട്. അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | സന്നദ്ധ സംഘങ്ങളെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;വിശദമാക്കുമോ; | (സി) | അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | കേന്ദ്ര ഏജൻസികളായ നാഷണൽ ബാക്ക് വേർഡ് ക്ലാസ്സസ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (NBCFDC), നാഷണൽ മൈനോറിറ്റി ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (NMDFC) എന്നിവയിൽ നിന്നും വായ്പാ ധനസഹായം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

**List of Shortlist NGOs for Implementing Micro Credit Scheme**

| Sl. No | Name of NGO | District |
|---|---|---|
| 1 | Sthree Niketh Vanitha Federation | Thiruvananthapuram |
| 2 | Neyyattinkara Integral Development Society, | Thiruvananthapuram |
| 3 | Trivandrum Social Service Society, | Thiruvananthapuram |
| 4 | Mithram Rural Information and Development Centre, | Thiruvananthapuram |
| 5 | Sree Narayana Dharma Paripalana Sangham | Kollam |
| 6 | Punalur Social Service Society | Kollam |
| 7 | Quilon Social Service Society | Kollam |
| 8 | Keral Rural Development Agency (KRDA) | Kollam |
| 9 | The Aleppey Diocesan Charitable and Social Welfare Society | Alappuzha |
| 10 | Kottayam Social Service Society | Kottayam |
| 11 | The Palai Social Welfare Society | Kottayam |
| 12 | Changanacherry Social Service | Kottayam |
| 13 | Peermade Development society | Idukki |
| 14 | Grama Nikethan Charitable Society | Idukki |
| 15 | Welfare Services | Ernakulam |
| 16 | Ernakulam Social Services Society | Ernakulam |
| 17 | Kothamangalam Social Service Society | Ernakulam |
| 18 | Cochin Social Service Society, | Ernakulam |
| 19 | Samridhy Muvattupuzha Diocesan Social Service Society | Ernakulam. |
| 20 | Kottappuram Integrated Development Centre | Thrissur |
| 21 | Social Welfare Centre | Thrissur |
| 22 | Slum Service Centre | Thrissur |
| 23 | Social Action Forum | Thrissur |
| 24 | People's Service Society Diocessan Pastoral Centre | Palakkad |
| 25 | Centre for Overall Development | Kozhikkode |
| 26 | Calicut Diocese Social Service Society | Kozhikkode |
| 27 | Tellicherry Social Services Society | Kannur |
| 28 | Kannur Association for Integrated Rural Organization and Support | Kannur |
| 29 | Malabar Social Service Society, | Kannur |
| 30 | Elapeedika Vanasamrakshana Samithy, | Kannur |

സെക്ഷൻ ഓഫീസർ

അനുബന്ധം II

## സന്നദ്ധ സംഘങ്ങളെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ

1) Societies Registration Act 1860, Companies Act 1956, Kerala Co-operative Societies Act 1969, Public Charitable Trust Act 1852, Travancore – Cochin Literary Scientific and Charitable Societies Act 1955 തുടങ്ങി നിലവിലുള്ള ഏതെങ്കിലും ഒന്നിൽ നിയമാനുസൃതമായി രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനയായിരിക്കണം.
2) നിയമപരമായി രജിസ്റ്റർ ചെയ്ത് കുറഞ്ഞത് 5 വർഷക്കാലം നിയമസാധുത ഉള്ളതും ഇപ്പോൾ തുടരുന്നതുമായിരിക്കണം.
3) ലഘുവായ്പാ പദ്ധതിയിൻമേൽ കുറഞ്ഞത് 3 വർഷമെങ്കിലും പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം. സന്നദ്ധ സംഘടനയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾ (SHG) കുറഞ്ഞത് 6 മാസം മുമ്പെങ്കിലും രജിസ്റ്റർ ചെയ്തവരായിരിക്കണം.
4) NGO-ലെ അംഗങ്ങൾ മതിയായ സേവന തത്പരരായിരിക്കണം. സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും, വൈദഗ്ദ്ധ്യ തൊഴിലിലും പരിശീലനം നൽകുന്നതിനും സാമ്പത്തികമായ മറ്റു കാര്യങ്ങളിലുമുള്ള നിർവ്വഹണത്തിൽ ഏർപ്പെടേണ്ടത് സന്നദ്ധ സംഘടനയാണ്.
5) അക്കൗണ്ടിംഗ് സംവിധാനം യഥാക്രമം നടത്തിയാൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റിംഗിന് വിധേയമാക്കിയിരിക്കണം.
6) സന്നദ്ധ സംഘടനയിലെ ഭാരവാഹികൾ രാഷ്ട്രീയ കക്ഷികളുടെ ഭാരവാഹികളോ സർക്കാർ ഉദ്യോഗസ്ഥരോ ആയിരിക്കരുത്.
7) ലഘുവായ്പ എടുത്തിട്ടുള്ള NGO കളുടെ കേസിൽ കുറഞ്ഞത് 80% എങ്കിലും തിരിച്ചടവ് ഉണ്ടായിരിക്കണം.

സെക്ഷൻ ഓഫീസർ